<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911**</u> <u>**18-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**വനം-വന്യജീവി വകുപ്പിലെ ഐ.എഫ്.എസ്. തസ്തികകൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **null**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വനം-വന്യജീവി വകുപ്പിൽ നിലവിൽ എത്ര ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്, വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള കേഡർ ഐ.എഫ്.എസ്.-ന്റെ അംഗീകരിച്ച തസ്തികകളുടെ എണ്ണം 107 ആണ്. 30/06/2015-ലെ വിജ്ഞാപനം നം. 16016/2/2014- എ.ഐ.എസ്. (II)- എ പ്രകാരം വനം വന്യജീവി വകുപ്പിൽ 66 സീനിയർ ഐ.എഫ്.എസ്. തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതു കൂടാതെ 13 എണ്ണം സെൻട്രൽ ഡെപ്യൂട്ടേഷൻ റിസർവ്വും, 16 എണ്ണം സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ റിസർവ്വും, 2 എണ്ണം ട്രെയ്നിംഗ് റിസർവ്വും, 10 എണ്ണം ലീവ് റിസർവ്വ്/ജൂനിയർ പോസ്റ്റ് റിസർവ്വുകളും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിൽ 75 എണ്ണം നേരിട്ടുള്ള നിയമന പ്രകാരമുള്ളതും 32 എണ്ണം സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിൽ നിന്നുള്ള പ്രൊമോഷൻ വഴിയുള്ള നിയമന പ്രകാരമുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര ഉദ്യോഗസ്ഥർക്കാണ് ഐ.എഫ്.എസ്. കൺഫർ ചെയ്ത് നല്കിയതെന്ന് വ്യക്തമാക്കാമോ? | (ബി) | 2012 മുതൽ നാളിതുവരെ 45 സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥർക്കാണ് ഐ.എഫ്.എസ്. കൺഫർ ചെയ്ത് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ